## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി ഉത്തരവ്

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് - അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ഈ ആഫീസിലെ 02/06/2017 - ലെ ഇതേ നമ്പർ ഉത്തരവ്
2. 06/06/2017 - ലെ കൂത്തുപറമ്പ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ എ/1841/2017 നമ്പർ കത്ത്
3. 06/06/2017 - ലെ ശ്രീ. മുസ്തഫയുടെ സ്ഥാനക്കയറ്റം പരിത്യജിച്ചിട്ടുള്ള പത്രിക

**ഉത്തരവ് നമ്പർ. സി3/18/2017/ഡി. പി. ഐ. തീയതി. 15/06/2017**

പരാമർശം (1) പ്രകാരം കൂത്തുപറമ്പ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ ജോലി നോക്കുന്ന ശ്രീ. എം. മുസ്തഫയെ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു. എന്നാൽ, ടി സ്ഥാനക്കയറ്റം ഒരു വർഷത്തേയ്ക്ക് പരിത്യജിച്ചുകൊണ്ട് ശ്രീ. എം. മുസ്തഫ നൽകിയ പത്രിക പരാമർശം (2) പ്രകാരം കൂത്തുപറമ്പ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമർപ്പിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ 07/12/1991 - ലെ സർക്കാർ ഉത്തരവ് (പി).39/1991 നമ്പറിന്റെ അടിസ്ഥാനത്തിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം ഒരു വർഷത്തേയ്ക്ക് പരിത്യജിക്കുവാൻ ശ്രീ. എം. മുസ്തഫയെ അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ് :

***ശ്രീ. എം. മുസ്തഫ***

പകർപ്പ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
2. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, കൂത്തുപറമ്പ
3. കരുതൽ ഫയൽ

// അംഗീകാരത്തോടെ //

Hareendran

**സൂപ്രണ്ട്**